സ്ഥാപനം മാറിപ്പോകുമ്പോഴും പുതിയ കോഴ്സിന് ചേരുമ്പോഴും ഈ സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്കൂൾ തലത്തിലും, ഈ നിശ്ചിത ഫാറത്തിലുള്ള സർട്ടിഫിക്കറ്റ് ആവശ്യമാണ്. ലത്തീൻ കത്തോലിക്കാ സമുദായത്തിലുള്ള വിദ്യാർത്ഥികൾക്ക് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്ക വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യം ലഭിക്കുന്നതാണ്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പ്രൊഫഷണൽ കോളേജുകൾക്ക് സീറ്റ് സംവരണവും ഈ ആനുകൂല്യങ്ങളുമുണ്ട്. സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നാൽ അവർ ഏത് വിഭാഗമെന്ന് തീരുമാനിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഭരത—പരവ ക്രിസ്ത്യാനിയെന്ന് ഹാജരാക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്. ഭരതരും പരവരും പട്ടികജാതിക്കാരായി അംഗീകരിക്കപ്പെട്ട സമുദായങ്ങളാണ്. പഠിക്കുമ്പോൾ പട്ടികജാതിക്കാർക്ക് തുല്യമായ ആനുകൂല്യങ്ങളും വാങ്ങുകയും റിസർവേഷൻ ആനുകൂല്യങ്ങൾക്ക് ലാറ്റിൻ കാത്തലിക്കായി സർട്ടിഫിക്കറ്റ് നേടാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു പ്രവണത തടയുന്നതിന് വേണ്ടിയുള്ള ഗവൺമെന്റ് ഉത്തരവ് ഇതിനകം തന്നെ അയച്ചു കഴിഞ്ഞിട്ടുണ്ട്.

അതുപോലെ കിർത്താഡ്സ് ഡയറക്ടറുടെ ഒരു റിപ്പോർട്ടും ഈ കാര്യത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് വന്നുകഴിഞ്ഞാലുടൻ തന്നെ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം നൽകണമെന്ന നിർദ്ദേശവും ഗവൺമെന്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. തോപ്പിൽ രവി: സർ, ത്രീ—ജനറേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ഇപ്പോഴും ഈ ഓഫീസുകളിലൊക്കെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് മനുഷ്യസാദ്ധ്യമായ ഒരു കാര്യമല്ല. മൂന്നു തലമുറകളായുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് പറഞ്ഞ് ദുർവ്യാഖ്യാനിച്ച് ഇപ്പോഴും ഫലത്തിൽ ഇതിന്റെ ഗുണഫലത്തിന് അർഹരായ കുട്ടികൾക്ക് അതു കിട്ടുന്നില്ല എന്ന ഒരു സ്ഥിതിയാണ് ഇത്. അതേ സമയത്ത് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് യഥാസമയം ഇത് കുട്ടികൾക്ക് കിട്ടുമാറാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ: തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഏതെങ്കിലും കാര്യങ്ങളിൽ പ്രായോഗികമായ വൈഷമ്യങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കുകയും അതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യാം.

III. സബ്മിഷൻ

(1) കക്കാട് ജലവൈദ്യുതിപ്രദേശത്തെ തൊഴിൽ പ്രശ്നങ്ങൾ

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: സർ, കക്കാട് വൈദ്യുതപദ്ധതിയുമായി ബന്ധപ്പെട്ട പന്നിക്കുന്ന്, വേലിത്തോട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ കോൺട്രാക്ട് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത് ആർ. ജെ. ഷാ ആൻറ് കമ്പനിയാണ്. ആദ്യം അവിടെ പണി ഏറ്റെടുത്തിരുന്നത് വർക്കല ഗോപിയെന്ന ഒരു കോൺട്രാക്ടറാണ്. കുറെക്കാലം ആ കമ്പനി പണി നടത്തിയതിനുശേഷം അവർ പണി ഉപേക്ഷിച്ച് പോകുകയുണ്ടായി. തുടർന്ന് പന്നിക്കുന്ന് എന്ന സ്ഥലത്തെ കോൺട്രാക്ട് കോട്ടയം സി.എസ്. കമ്പനിക്ക് നൽകി. അവിടെ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് അതിനടുത്ത ഒസൈറിൽതന്നെ സി.വി.

LIBRARY ARCHIVES Kerala Legislative Assembly

ജോർജ് എന്ന കോൺട്രാക്ടർ കൊടുത്തിരുന്ന കൂലിയും മറ്റാനുകൂല്യങ്ങളുമെല്ലാം കൊടുക്കാമെന്ന് സമ്മതിച്ചിരുന്നതാണ്. എന്നാൽ ഒരു വർഷത്തോളം പണി ചെയ്യിച്ചതിനുശേഷം കൂലിയുടെ ബാലൻസോ. ബോണസ്സോ മറ്റ് യാതൊരു ആനുകൂല്യങ്ങളോ കൊടുക്കാതെ ആ കോൺട്രാക്ടർ പണി ഉപേക്ഷിച്ച് സ്ഥലം വിട്ടു. ഈ സ്ഥലത്തേയും വേലിത്തോട്ടിലേയും പണിയാണ് ഇപ്പോൾ ഷാ ആൻറ് കമ്പനി ഏറ്റെടുത്തിരിക്കുന്നത്. മുൻപ് ഈ പന്നിക്കുന്നിൽ പണിയെടുത്തിരുന്ന 66 തൊഴിലാളികൾക്ക് ഐഡൻറിറ്റി കാർഡ് കൊടുത്തിരുന്നു. മറ്റ് ഒരാനുകൂല്യങ്ങളും കൊടുത്തില്ലെങ്കിൽ പോലും അവർക്ക് കാർഡ് കൊടുത്തതിന് ശേഷമാണ് സി. എസ്. കമ്പനി പോയത്. ഈ തൊഴിലാളികൾക്ക് പണി കൊടുക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഒന്നുരണ്ടു കോൺഫറൻസുകൾ നടത്തി. തൊഴിലാളികൾക്ക് പണികൊടുക്കാൻ സാധിക്കുകയില്ലെന്ന് കമ്പനി ശാഠ്യം പിടിച്ചതിൻറെ അടിസ്ഥാനത്തിൽ ഈ കഴിഞ്ഞ 22-ാം തീയതി തൊഴിലാളികൾ സമരത്തിൽ ഏർപ്പെട്ടു. 14 തൊഴിലാളികളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. സർ, വന പ്രദേശത്തെ ഈ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട ഷാ ആൻറ് കമ്പനിയും. എച്ച്.സി.സി.യുമൊക്കെ അതിഭീകരമായ ഒരു ഭരണമാണ് ഇവിടെ നടത്തുന്നത്. ഇതിനെല്ലാം ഗവൺമെൻറ് കൂട്ടുനിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. അവിടെ പണിയെടുത്തുകൊണ്ടിരുന്ന 66 ആളുകൾക്ക് ഐഡൻറിറ്റി കാർഡ് കൊടുത്തിട്ടുണ്ട്. ആ തൊഴിലാളികൾക്ക് പണി കൊടുക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇത് ഒരു തൊഴിൽ തർക്കമാണ്. ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഇലക്ട്രിസിറ്റി ബോർഡിലെ കോൺട്രാക്ടർമാർ തദ്ദേശവാസികൾക്ക് തൊഴിൽ കൊടുക്കണമെന്നേ പറഞ്ഞിട്ടുള്ളൂ. എന്നാൽ ഈ കമ്പനിക്കാർക്ക് അവരുടെ സ്ഥിരം തൊഴിലാളികൾക്ക് ജോലി കൊടുക്കാനുള്ള പ്രൊവിഷനും അതേ സമയത്ത് ഇതിനകത്ത് ഉണ്ട്. ഈ പറയുന്ന തൊഴിലാളികൾ നേരത്തേ ഒരു കോൺട്രാക്ടറുടെ കീഴിൽ പണിയെടുത്തിരുന്നുവെന്ന് പറയുന്നത് ഇലക്ട്രിസിറ്റി ബോർഡിൻറെ അന്വേഷണത്തിൽ ശരിയാണ്. സർ, ഇലക്ട്രിസിറ്റി ബോർഡ്, കോൺട്രാക്ടർമാരോട് ഒരു എഗ്രിമെൻറിന് വിരുദ്ധമായി അവർക്ക് ഇന്ന കൂലി കൊടുക്കണമെന്നോ, ഇന്ന ജോലി കൊടുക്കണമെന്നോ പറഞ്ഞാൽ അതിൻറെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിനോട് കോമ്പൻസേഷൻ ചോദിക്കുക എന്ന നിയമപരമായ ഒരു വ്യവസ്ഥകൂടി ഉണ്ട്. അതുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡ് ഈ തൊഴിൽത്തർക്കങ്ങളിൽ ഇടപെടുന്നത് വളരെ സൂക്ഷിച്ചുവേണം. കാരണം അനേകം ലക്ഷമോ, കോടിയോ രൂപയുടെ ഒരു വ്യത്യാസം വരും. ഇത് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യേണ്ട പ്രശ്നമാണ്. ഏതായാലും ഈ സ്ഥിരം തൊഴിലാളികൾ കഴിഞ്ഞാൽ ആ സ്ഥലത്തെ പരിസര പ്രദേശങ്ങളിലെ ജീവനക്കാർക്ക് തന്നെ ജോലി കൊടുക്കേണ്ടതാണ്. പല കമ്പനികളുമാണ് ഈ കോൺട്രാക്ട് എടുക്കുന്നത്. അവരുടെ സ്ഥിരം തൊഴിലാളികൾ ഒഴിച്ചു പരിസരത്തുള്ള ആളുകൾക്കും ഇപ്പോൾ തൊഴിൽ കൊടുത്തുവരുന്നുവെന്നാണ് ബോർഡിൽ നിന്ന് നൽകിയിരിക്കുന്ന റിപ്പോർട്ട്. ഈ കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ് എന്തുമാത്രം പോയി എന്ന് എനിക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ബോർഡുമായി ബന്ധപ്പെട്ട് ഗവൺമെൻറ് അന്വേഷിക്കും. വേണമെങ്കിൽ ഇക്കാര്യത്തിൽ ഒരു കോൺഫറൻസ് വിളിച്ച് കൂട്ടുന്നതിന് ഗവൺമെൻറിനു വേണ്ട നിർദ്ദേശം നൽകാം.

LIBRARY ARCHIVES Kerala Legislative Assembly